"ഭരണഭാഷ – മാതൃഭാഷ"

ഡയൽ ഭിഷ്

നം. എഫ്1/ 3644 / 2015

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 16-04-2015

**സർക്കുലർ നമ്പർ. 34 / 2015**

വിഷയം: നാൾവഴി രജിസ്റ്റർ – വെണ്ടർമാരുടെ നാൾവഴി രജിസ്റ്ററിന്റെ തുക അടയ്ക്കുന്നതും പുതിയ രജിസ്റ്റർ നൽകുന്നതും – സംബന്ധിച്ച്

ട്രഷറികളിൽ നിന്നും വെണ്ടർമാർക്ക് വിതരണം ചെയ്യുന്ന വെണ്ടർ നാൾവഴി രജിസ്റ്ററുകൾക്ക് പല ട്രഷറികളിലും വ്യത്യസ്ത നിരക്കുകളാണ് ഈടാക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാൾവഴി രജിസ്റ്ററുകൾക്കായി ചെലാൻ വഴി ട്രഷറികളിൽ പണമടയ്ക്കുന്നതിന് 33/- രൂപ നാൾവഴി രജിസ്റ്ററിന്റെ ചാർജ്ജും, 3/- രൂപ VAT-ഉം ചേർത്ത് 36/- രൂപയാണ് ഈടാക്കേണ്ടത്.

നിലവിലുള്ള വെണ്ടർ നാൾവഴി രജിസ്റ്ററിലെ പേജുകൾ തീരുന്ന മുറയ്ക്ക് വെണ്ടർമാരിൽ നിന്നും പുതിയ നാൾവഴി രജിസ്റ്ററിനായുള്ള മതിയായ ഫീസ് ഒടുക്കിയ ചെലാൻ സഹിതമുള്ള അപേക്ഷ സ്വീകരിക്കേണ്ടതാണ്. അപേക്ഷ പരിശോധിച്ച ശേഷം പേജ് നമ്പർ സംബന്ധിച്ച സർട്ടിഫിക്കറ്റ് ഒന്നാം പേജിൽ ട്രഷറി ഓഫീസർ രേഖപ്പെടുത്തിയതിനു ശേഷം വെണ്ടേഴ്സ് നാൾവഴി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വെണ്ടറുടെ acknowledgement വാങ്ങി പുതിയ നാൾവഴി രജിസ്റ്റർ 2 ദിവസം മുൻപേ നൽകേണ്ടതാണ്. വെണ്ടർമാരിൽ നിന്നും ലഭിക്കുന്ന അപേക്ഷയിൽ, തീർന്ന വെണ്ടർ നാൾവഴി രജിസ്റ്റർ തിരികെ ട്രഷറിയിൽ ഏൽപ്പിക്കുമെന്നുള്ള പ്രസ്താവന തീയതി രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

നിലവിലുണ്ടായിരുന്ന നാൾവഴി രജിസ്റ്ററിലെ ബാലൻസ് സ്റ്റാമ്പുകളുടെ വിവരങ്ങൾ കൃത്യമായി പുതിയ രജിസ്റ്ററിൽ എഴുതി പുതിയ രജിസ്റ്റർ മുഖേന വെണ്ടർ സ്റ്റാമ്പ് എടുക്കാൻ വരുന്ന ആദ്യ ദിവസം തന്നെ ബാലൻസ് രേഖപ്പെടുത്തിയതിന്റെ കൃത്യത ട്രഷറി ഓഫീസർ പരിശോധിച്ച് പഴയ നാൾവഴി

രജിസ്റ്റർ വാങ്ങി സൂക്ഷിക്കേണ്ടതും, "പുതിയ നാൾവഴി രജിസ്റ്റർ കൊടുത്ത് പഴയ രജിസ്റ്ററുകൾ തിരികെ ലഭിച്ചു" എന്ന രേഖപ്പെടുത്തൽ, പേജ് സംബന്ധിച്ച് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയ ഒന്നാം പേജിന്റെ താഴെയായി എഴുതി സബ് ട്രഷറി ഓഫീസർ അറ്റസ്റ്റ് ചെയ്യേണ്ടതാണ്. ഇതിനു ശേഷം മാത്രം പുതിയ നാൾവഴി രജിസ്റ്റർ മുഖേന സ്റ്റാമ്പ് വിതരണം ചെയ്യേണ്ടതാണ്.

വെണ്ടർ തിരിച്ച് ഏൽപ്പിക്കുന്ന നാൾവഴി രജിസ്റ്റർ മൊത്തമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും എല്ലാ ട്രഷറികളിലും തിരികെ എടുക്കുന്ന വെണ്ടേഴ്സ് നാൾവഴി സംബന്ധിക്കുന്ന ഒരു രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതുമാണ്.

Sd/-
**എസ്. ശ്രീകുമാർ**
**ട്രഷറി ഡയറക്ടർ**

സ്വീകർത്താവ്

എല്ലാ ജില്ലാ / സബ് / സ്റ്റാമ്പ് ഡിപ്പോ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ

// ഉത്തരവിൻ പ്രകാരം //

// സീനിയർ സൂപ്രണ്ട് //

a